
# കാൽവരിദീപം



T61
M26

പോൾ മാധവൻ നായർ

# കാൽവരി ദീപം

## (CALVARY DEEPAM)

(ഖണ്ഡകാവ്യം)

DHARMARAM COLLEGE LIBRARY, BANGALORE.
19736
I61
M26

ഗ്രന്ഥകർത്താ
പോൾ മാധവൻ നായർ

പകർപ്പവകാശം ഗ്രന്ഥകാരന്.

വില 75 ന. പൈ.

Printed at St. Joseph's Press,
Trivandrum.

ഒന്നാം പതിപ്പ് കാപ്പി 2000

*Nihil obstat :*

Fr. Chemmanoor.

Parappu,
20-9-1962.

*Imprimatur :*

† George Alapatt,
Bishop of Trichur.

Trichur,
21-9-1962.

# ആമുഖം

പ്രസിദ്ധ കാഥികനും, വാസനാ കവിയുമായ ശ്രീ. പോൾ മാധവൻ നായരുടെ 'കാൽവരിദീപ'മെന്ന കവിതാ സമാഹാരം ഞാൻ ഒരു ആവർത്തി വായിച്ചുനോക്കി. ഈ യുവകവി വളർന്നുവരുന്ന തലമുറയ്ക്കു് ഒരാദർശദീപമായി ത്തന്നെ ഈ കാൽവരിദീപത്താൽ പ്രശോഭിക്കുന്നു എന്നു പറവാൻ അത്യന്തം സന്തോഷമുണ്ടു്. കവിയുടെ അന്തരംഗത്തിൽ അത്യന്തം അലതല്ലുന്നതു് ദൈവപുത്രന്റേയും ദൈവമാതാവിൻേറയും പേരിലുള്ള അകൈതവമായ ഭക്തിയാണു്. ഇന്നു് ഭക്തനേയും ഭാവുകനേയും ഒരുപോലെ ആകർഷിക്കുന്ന കാവ്യങ്ങളും കാവ്യകർത്താക്കളും വിരളമായിരിക്കുന്നു. ആ സ്ഥിതിക്കു് മാധവൻ നായരുടെ ഈ നൂതന സമാഹാരം അതിൻെറ അർഹമായ സ്ഥാനം കൈവരിച്ചു കാണുന്നതിൽ ഇദ്ദേഹത്തെ അഭിനന്ദിക്കുവാൻ സന്തോഷമുണ്ടു്.

ഈ ലഘുകൃതി സമാഹാരത്തിൻെറ കർത്താവിൽ കേവലം ഒരു പണ്ഡിതനെയല്ല, അനുഗൃഹീതനായ ഒരു വാസനാ സമ്പന്നനെയാണു് എനിക്കു കാണുവാൻ കഴിയുന്നതു്. ഈ കവിത രചനാസൗന്ദര്യംകൊണ്ടും ഗാനമാധുര്യംകൊണ്ടും വളരെ നന്നായിട്ടുണ്ടു്. വലിയ കല്പനയ്ക്കോ അലങ്കാര വൈചിത്ര്യത്തിനോ വേണ്ടി, കവി രസത്തെ ബലി കഴിച്ചിട്ടില്ലാത്തതുമാകുന്നു. ഏററവും ഉചിതമായിരിക്കുന്ന 'കളിവഞ്ചി' എന്ന കവിത കവിയുടെ ഭാസുരമായ വാസനയെ തെളിയിക്കുന്നുണ്ടു്.

"കളിവഞ്ചി കളിയാടി കരുണേശനതിലേറി
കടലിൻെറ കുളിർ മാററാൻ കതിരുവീശി"

ഇത്തരം വരികൾ വാസനാ ഭാസുരമായ ഹൃദയത്തിൽ നിന്നല്ലാതെ ഉറവെട്ടുകയില്ല. തീർച്ചതന്നെ.

ശ്രീ. പോൾ മാധവൻ നായർക്ക് എന്റെ അകളങ്കമായ അഭിനന്ദനങ്ങൾ.

ടി. ആർ. നായർ
സാഹിത്യനിപുണൻ

അടാട്ട്
തൃശ്ശൂർ
23-10-'62

# അവതാരിക

ജീവിത രംഗത്തിൽ സംഗീതത്തിനുള്ള സ്ഥാനം അദ്വിതീയമാണ്. തമസ്സിന്റെ ആക്രമണത്തോടുകൂടിയാണല്ലൊ ക്ഷുദ്രജന്തുക്കളുടെ ഉപദ്രവങ്ങൾ. "കാൽവരിദീപം" നമുക്ക് കെടാവിളക്കായി തീരട്ടെ. വജ്ര കഠിനമായ ഹൃദയത്തെ കുസുമകോമളമാക്കുന്നതിനും, ദുർമാർഗ്ഗഗമനം നിരോധിച്ച് സന്മാർഗ്ഗ പുരോഗമനം സുകരമാക്കുന്നതിനും ഈ പദ്യ ശകലങ്ങൾ സഹായിക്കാതിരിക്കുകയില്ല. നിർമ്മത വാദികളായ ഭവാദൃശന്മാർക്ക് ഇവകൾ അനുഭവ വേദ്യമാകുന്നില്ലെങ്കിൽ അസ്മാദൃശന്മാർക്ക് അനുകമ്പയല്ലാതെ ആശ്ചര്യത്തിനവകാശമില്ല.

ഒരു സാഹിത്യകാരനും പ്രസിദ്ധ വാഗ്മിയുമായ ശ്രീ. പോൾ മാധവൻ നായരുടെ ഈ വിശിഷ്ട കൃതി സഹൃദയ സമക്ഷം അവതരിപ്പിക്കുന്നതിൽ എനിക്ക് അതീവ സന്തോഷമുണ്ട്. വിശ്വാസത്തിനും ആദർശങ്ങൾക്കും വിരുദ്ധമായിട്ടുള്ള അസന്മാർഗ്ഗിക പ്രസ്ഥാനങ്ങളും അശ്ലീല സാഹിത്യങ്ങളും പ്രതിദിനം പെരുകി വരുന്ന ഈ നൂററാണ്ടിൽ ഭക്തിപരവും ഗാനാത്മകവുമായ കവിതകൾ വിസ്മൃതിയിൽ ആണ്ടുപോകയില്ല. എല്ലാ ജനങ്ങൾക്കും പ്രത്യേകിച്ച് നിർമ്മലങ്ങളായ ബാലഹൃദയങ്ങൾക്കും വളരുന്ന തലമുറയ്ക്കും ഇതൊരനുഗ്രഹം തന്നെ. ജഗദീശ കീർത്തനത്തെ സംബന്ധിച്ച് "പാടി സ്തുതിക്കുന്നവർ അധികം സ്തുതിക്കുന്നു" എന്നാണ് വിദ്വന്മതം. ജാതിമത ഭേദാതീതമായി ഈ കൃതിയ്ക്കു എല്ലാ

യിടത്തും സ്വാഗതം ലഭിക്കുമെന്നു് വിശ്വസിക്കുന്നു. അൽഫോൻസാമ്മാ, അസ്സീസ്സി, ഗായകൻ, കഷ്ക റാണി, കഷ്കൻെറ കണ്ണുനീർ, കുടിൽകുട്ടൻ തുടങ്ങിയ ഇദ്ദേഹത്തിൻെറ ഇതര കൃതികൾ ഇതിനകം പ്രശസ്തി ആജ്ജിച്ചിട്ടുള്ളതാണു്. സനാതന സംഗീത കലാകാരനായ സവ്വേശ്വരൻ്റെ കാരുണ്യത്താൽ സാഹിത്യലോകത്തിൽ വിജയ ശ്രീയുതനായ യുവ സ്നേഹിതൻെറ തൂലികായോധനം ചാരിത്രമാകുന്ന മാടപ്രാവിൻെറ ചാരുവക്ഷസ്സിലേക്കന്വയിക്കുന്ന വനവേടന്മാരേയും സത്യത്തിൻെറ മനോഹരമായ കണ്ണാടി തട്ടിയുടച്ചു രസിക്കുന്ന ചിന്താ വിഹീനന്മാരേയും സദ്പഥത്തിലെത്തിക്കുന്നതിനു് പര്യാപ്തമാകട്ടെ.

സത്വ ഗുണസത്തമമേ! അജ്ഞാനാന്ധകാരം കുത്തടിച്ചിരമ്പി മറിയുന്ന ഈ മന്നിടത്തിൽ "കാൽവരിദീപം" സദാ ദശ്പ്രഭയാൽ വിണ്ടലപ്പൊൻ കതിരുകൾ വീശുവാനിടയാക്കണെ. കാൽവരിയിലെ ക്രിസ്തുവിൻ്റെ പാദാനുവത്തിയായ കവി വേദനയുടെ വീണകൾ മീട്ടുന്നു. ഈ മധുര ഗീതയുടെ താലോലനംകൊണ്ടു് രോമാഞ്ചിതരായി തീരാത്തവരുണ്ടോ.

"പൊന്തീയ പീലാത്തോസിൻ
    കോടതിക്കവാടമേ
എന്തിനെൻ ഗുരുവിനെ
    കടത്തിക്കൊട്ടുത്തു നീ.
കാൽവരി മലയിലെ
    കള്ള വഗ്ഗത്തിൻ മദ്ധ്യേ
ആ നിധിയതാ തൂങ്ങി
    നില്ക്കുയായ് കുരിശിന്മേൽ

സത്യവുമഹിംസയും
രക്തബിന്ദുവിൽ മുക്കി
നിത്യ യോഗിയാം നാഥൻ
കുറിച്ച കഥയോക്ക
പുത്രവാത്സല്യത്തിൻെറ
ഉച്ചകോടിയിൽ നിന്നു
പുത്രരെ നോക്കിപ്പൊട്ടി–
ക്കരഞ്ഞോൻ മഹായോഗി.

മർത്ത്യ മനസ്സിനെ ഇളക്കി മറിച്ച് പവിത്രീകരിക്കുന്ന ഇത്തരം ഈരടികൾ ഉടനീളം ഈ ലഘുകൃതിയിൽ കാണുവാൻ സാധിക്കും. പണ്ഡിതോചിതമായ ഒരവതാരിക കൊണ്ട്, ഇരുത്തിചിന്തിപ്പിക്കുന്ന ഈ മനോഹര കാവ്യങ്ങൾക്കു പൊൻപൊട്ടണിയിക്കാൻ വശമില്ലാത്ത എന്നെ തെരഞ്ഞെടുത്തതു് കാവ്യ കർത്താവിന്റെ മഹാ മനസ്കതയുടെ ആഴമായിരിക്കാം.

കൈരളി കലാക്ഷേത്രത്തിനു് കൈകാര്യം ചെയ്യുവാനായി ഈ കൃതിയെ സസന്തോഷം അവതരിപ്പിച്ചു കൊള്ളുന്നു.

Rev: ഫാദർ യൗനാൻ, O. I. C.

തിരുവനന്തപുരം
3—9—1962

## FOREWORD

I must confess from the very outset that I am not a person, competent to write an introduction to a work of poetry in Malayalam. Nor do I write these words with any such pretensions. All that I want to do here is to pen a few words, as a priest, about the author of the work, Mr. Paul Madhavan Nair.

Mr. Nair is well known to the public of Kerala, both Catholic and non-Catholic, through his soul-stirring *Katha Prasangams* and interesting litterary publications. As for me, I have come to know him since the very beginning of his conversion to the Catholic Faith. What I have noted with deep interest and heart-felt sympathy is the fact that from the moment of his decision to embrace the Catholic Religion, Our Lord has willed his humble servant to be like him, a Kalvari deepam—a light on Carvary.

Yes, God has chosen this beloved client of Sr. Alphonsa to be a light on the mountain, giving guidance and consolation, together with enjoyment and pleasure, to thousands in Kerala. But those who have come more closely in contact with him know that he is a light shining on Calvary, shining from the cross.

I must here admit with a sense of shame, that we his elder brethren in Religion, have also had our share in leading Paul Madhavan Nair to the Calvary and to the cross. But he can console himself with the thought that His own

Master, Jesus, came to His own and that His own received Him not. He can also console himself with the fact that there have been in his path, many Marys and Marthas and many angels, come down from Heaven, who have received him and consoled him from the beginning of his conversion.

In conclusion, let me fervently appeal to my brethren to accept and encourage our dear Benjamin in Religion and to help him in every way possible. Let us encourage him especially in his literary attempts. Eventhough every one of them may not be master-pieces in the eyes of critics, God may make use of them to enlighten thousands who sit in darkness and the shadow of death.

I wish him all success.

FR. PHILIP, O. C. D.

Trivandrum,
5th Sept. 1962.

# പ്രസ്താവന

കവിതാകാമിനി കളിയാടാത്ത ഹൃദയം വളരെ വിരളമാണ്. കവിത കഴിവും കനിവും നൽകുന്നു. കാണാത്ത പലതും കവിതാസരണിയിലൂടെ കണ്ടെത്തുന്നു. അവൾ, കാന്തിയും ശാന്തിയും പരത്തുന്നു. കഴിഞ്ഞ ചില വർഷങ്ങൾക്കുള്ളിൽ എന്റെ പല പല കാവ്യ തല്ലജങ്ങളേയും കൈരളി ആത്മാർത്ഥമായി സ്വീകരിച്ചു വരുന്നുണ്ട് എന്നതിൽ ഞാൻ അതീവ സന്തുഷ്ടനാണ്. അവയെല്ലാം തന്നെ ആയിരമായിരക്കണക്കിനു് ഇന്നും ചിലവഴിയുന്നു. കാരണം കനത്ത യാതനയാലും, മരണവേദനയാലും രൂപം കൊണ്ട ചരിത്രഗ്രന്ഥങ്ങളാണവ. എങ്കിലും അവകളെയെല്ലാം പിന്നിലാക്കികൊണ്ടു മുന്നേറുന്ന കവിതകളാണ് ഈ ചെറുകൃതിയിൽ നിരന്നു നില്ക്കുന്നതെന്നാണ് ദൈവശാസ്ത്രപണ്ഡിതന്മാരുടേയും, മഹാകവികളായ പല ഉന്നത നേതാക്കളുടേയും സാഹിത്യ സാമ്രാട്ടുകളുടേയും അഭിപ്രായം. മാത്രവുമല്ല, ഈ ചെറുഗ്രന്ഥം പ്രസിദ്ധീകരിച്ചു കാണാൻ അഭിവന്ദ്യരായ പല ബ്രെ. വൈദീകരും, സന്യാസിനീ സന്യാസികളും, സാഹിത്യനിപുണന്മാരും എന്നോട്ട് ആഗ്രഹം പ്രകടിപ്പിച്ചതിനാലുമാണ് "കാൽവരിയിലെ കെടാവിളക്കായ" സ്നേഹാഗ്നിയിൽ കത്തിച്ച കൈത്തിരിയായി "കാൽവരി ദീപ"മെന്ന ഈ കൃതി ഇപ്പോൾ പ്രസിദ്ധീകരിക്കാൻ ഇടയായതു്. കൈവീണയുമേന്തിപ്പുറപ്പെട്ടുന്ന കാൽവരിദീപം ആധുനിക നൂററാണ്ടിൻെറ കഠിന ഹൃദയങ്ങളെ അല്പമെങ്കിലും മൃദുലമാക്കുകയാണെങ്കിൽ അക്ഷയമായ കാൽവരിയിലെ ദീപശിഖയായ ഗ്രന്ഥത്തിൽ ഞാൻ അത്യധികം കൃതാർത്ഥതയടയും.

കരിനിഴലുകളേയും, കറുത്ത കൈകളേയും കഠിനമായി ശാസിച്ച ജഗത്ഗുരുവിനു് നന്ദികെട്ട ലോകം സംഭാവന ചെയ്തതു് ഭീമാകാരമായ മരക്കഷണവും, ഇരുമ്പാണികളു മാണു്. നിഷ്കളങ്കമായി അവിടുത്തെ പിൻതുടരുന്നവർക്കും ഇന്നും അതുതന്നെയാണു് അനുഭവം. ഈ ഗ്രന്ഥത്തിനു് ഒരു അവതാരിക തന്നു് മാററു കൂട്ടിയ പെ. ബ. യൗനാനച്ചനോടും, ആമുഖത്താൽ അലങ്കരിച്ച വന്ദ്യഗുരുനാഥനായ സാഹിത്യനിപുണൻ ശ്രീമാൻ ടി. ആർ. നായർ അവർകളോടും, അഭിപ്രായത്താൽ ആനന്ദിപ്പിച്ച റവ. ഫാ. ഫിലിപ്പ് O. C. D. അവർകളോടും, ആത്മാർത്ഥമായി സഹായിച്ച നിസ്വാർത്ഥസേവകനായ പ്രൊവിൻഷ്യൽ ഫാദർ തദേവൂസ് O. C. D. അവർകളോടും, ഇംപ്രിമാത്തൂർ തന്നു് അനുഗ്രഹിച്ച തൃശ്ശൂർ രൂപതയുടെ അഭിവന്ദ്യമെത്രാൻ തിരുമേനി തിരുമനസ്സിനോടും, അച്ചടി അതീവ താല്പര്യത്തോടു കൂടി നടത്തിത്തന്ന തിരുവനന്തപുരത്തെ സെൻറു് ജോസഫ്സ് പ്രസ്സിലെ ഭാരവാഹികളോടും ഞാൻ എന്നുമെന്നും നന്ദിയുള്ളവനാണു്. അവർക്കെല്ലാംതന്നെ എൻെറ അകമഴിഞ്ഞ കൃതജ്ഞത ഞാൻ ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഗ്രന്ഥകർത്താ

# സമർപ്പണം

വിശുദ്ധ, അമ്മ ത്രേസ്യാമ്മയുടേയും,

വിശുദ്ധ, ജോൺ ഓഫ് ദി ക്രോസിന്റേയും,

തൃപ്പാദ സരണിയിൽ ഈ ചെറു ഗ്രന്ഥത്തെ

വിനയാദര പുരസരം ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

| വിഷയം | | രീതി |
|---|---|---|
| 1. | കളിവഞ്ചി | വഞ്ചിപ്പാട്ട |
| 2. | ആ നാടകം | കേക |
| 3. | ഒന്നു ചിന്തിപ്പിൻ | പാന |
| 4. | ആ സുപ്രഭാതം | കാകളി |
| 5. | ആരാമത്തിലെ ധ്യാനം | മണിമഞ്ജരി |
| 6. | ആ കോടതി | കേക |
| 7. | തിരുവത്താഴം | പാന |
| 8. | ഉണരുവിൻ | അന്നനട |
| 9. | കവിയും, കന്യകകളും | ഓമനക്കുട്ടൻ |
| 10. | ഒന്നു നോക്കൂ | മണിമഞ്ജരി |
| 11. | കാൽവരിക്കുന്നു് | പാന |
| 12. | എന്നും എന്നെപ്രതി | കേക |
| 13. | അന്ധത | കേക |
| 14. | ക്ഷമാപണം. | പാന |

# 1. കളിവഞ്ചി

ത്രിഭുവനമുടയോനാം കരുണേശൻ ക്രിസ്തുദേവൻ
നൃപരില്ലം നൃപനാകും നിത്യനിർമ്മലൻ
അലയാഴി കടവിൽവച്ചൊരുദിനമതിരാവിൽ
കളിവഞ്ചിപ്പടവിൽ താൻ കയറി മെല്ലെ.
കുയമേറും കടലിനു കലിപൂണ്ടു പതിവുപോൽ
തിരമാലപ്പടവ്യൂഹം കുതിച്ചു ചാടി.
കളിവഞ്ചി കളിയാടി കരുണേശനതിലേറി
കടലിന്റെ കുളിർ മാററാൻ കതിരുവീശി.
നിലയററ കടലിലെ കളിത്തോഴൻ, ഗുരുവിനു
കടലോരവാസിയായി കഴിഞ്ഞ പത്രോസ്
ഉടയോന്റെയരികിലായിരുന്നുകൊണ്ടതിവേഗം
ഉലയുന്ന കളിവഞ്ചി തുഴഞ്ഞുമെല്ലെ.
അലയാഴിപ്പരപ്പിലങ്ങലകളിലലയുന്ന
കളിവഞ്ചിയിടം വലം ചരിഞ്ഞിളകി.
പദം പദം കുണുങ്ങിയും, ഗതി മന്ദം തുടങ്ങിയും
കളിവഞ്ചി കുളിർകാററിൽ, കളിനടത്തി.
അവിടൊരു ഭയങ്കരച്ചുഴലിക്കാററതിവേഗം
പടിഞ്ഞാറിന്നിരമ്പിക്കൊണ്ടടുത്തിടുന്നു.
കളിവഞ്ചി തുഴയുവാൻ വഴിയില്ലാതുഴലുന്നു,
കൊടുങ്കാററിൻ ഭയദമാം പ്രകടനത്താൽ.

---

[ദിവ്യനാഥനായ ഈശോയും, വിശുദ്ധ പത്രോസും കൂടി യാത്രചെയ്ത വഞ്ചിക്ക് കൊടുത്തിരിക്കുന്ന ഒരു ഓമനപ്പേരാണ് കളിവഞ്ചി എന്ന വാക്ക്.]

അലയാഴിയിളകുന്നു, കലങ്ങുന്നു മറിയുന്നു,
അടിത്തറമണൽപോലുമിളകിടുന്നു.

മിന്നുമിനാതിളങ്ങും മീൻ മുഴവനും മരണത്തിൻ
കടിവായിലകപ്പെട്ടു പിടഞ്ഞു ചത്തു.

ഇളകുന്ന കളിവഞ്ചിക്കളിക്കാരും കടലിന-
ങ്ങിരയാകാൻ തുടങ്ങുന്ന ഗതിയടുത്തു.

മരണത്തെ ഭയപ്പെട്ടു പതറുന്ന പത്രോസേവം
വിറച്ചു വാവിട്ടു കേണു വിളിച്ചിടുന്നു.

"കരുണേശ മഹേശ്വരാ" കനിവിൻ കാതലാംദേവ
കടലിൻെറ ഗതികാൺക കാരുണ്യമൂർത്തേ.

തകത്തിടും വഞ്ചിയിപ്പോൾ, വരുണനു കോപംകൊണ്ടു
കയക്കുന്നു കണ്ടീലയോ കന്യകാസൂനോ?

മരിക്കുംമുമ്പായി മഹാഗുരുവേനിൻ തൃക്കരത്താ-
ലിരമ്പുന്ന കടലിനെയടക്കി വാഴ്ക!!

ഇത്രയും കേട്ടകതാരിലനുകമ്പാപൂർണ്ണനായി
സത്വരമാ ക്രിസ്തുദേവൻ കനിഞ്ഞരുളി.

ഭ്രമിക്കേണ്ട പത്രോസേ നീ മരിച്ചാലും നമ്മളെല്ലാം
ഉയിർക്കുമെന്നകതാരിലുറച്ചുകൊൾക.

കടുകിൻെറ മണിയോളം കരളിൽ വിശ്വാസം വച്ചു
മലയോടു മാറാൻ ചൊൽക മലയും മാറും.

ഇതുവിധം കനിഞ്ഞീശനുരചെയ്തങ്ങതിവേഗം
കടലിൻെറ ഗതിമാററാൻ കരമുയർത്തി.

നിത്യനിർമ്മലൻെറ ശുദ്ധതൃക്കരത്തിൻ രശ്മിയേററു
നിഷ്പ്രഭമക്കരിങ്കടൽ നിശബ്ദമായി!

ഇത്രയും കണ്ടതിമോദാൽ മിത്രമായ പത്രോസിൻെറ
ചിത്തതാരിലത്ഭുതത്തിൻ കതിരുഷാകി!

# 2. ആ നാടകം

കണ്ണുകൾ തുറക്കുവി-
    നൊന്നു നോക്കുവിൻ നിങ്ങൾ
വിണ്ണിനെ വിറപ്പിച്ചാ-
    നാടകം നടക്കുന്നു.

അന്നു തൊട്ടിന്നേവരെ
    കൊല്ലമോ രണ്ടായിര-
മിന്നുമച്ചരിതത്തി-
    ന്നേട്ടുകൾ പുത്തൻ തന്നെ.

പന്തിയോ പീലാത്തോസിൻ
    കോടതിക്കവാടമേ-
യെന്തിനെൻ ഗുരുവിനെ
    കടത്തിക്കൊടുത്തു നീ ?

നീചന്മാർ വിധിക്കുന്നു
    നീതിമാൻ ഭഗവാനെ
നീച വാക്കുകളോതി
    നിന്ദനം നടത്തുന്നു.

നിത്യ രക്ഷയ്ക്കായ് തൻെറ
    രക്തത്തെ ധരയിങ്കൽ
ഭക്തവത്സലൻ ദേവൻ
    നമുക്കായ് നല്കിടുന്നു.

മർദ്ദനം സഹിക്കുന്നു
        മൃത്യുവിന്നിരയാകാൻ
ചിത്തതാരതിലീശ-
        നുറച്ചു നിൽക്കുന്നല്ലോ!

... ... ...

"നിങ്ങൾ താൻ വിധിക്കേണം
        വിധികളെഴുതണം
എന്നുടെ പിതാവിൻെറ-
        യിംഗിതം നിറവേററാൻ"

എന്നുരയ്ക്കുന്നു തിരു-
        നാവിനാൽ ജഗദീശൻ
മന്നിലെത്തേജോപുഃഞ്ജ-
        മാകിയ കന്യാപുത്രൻ!!

തോളത്തു ക്രൂശും താങ്ങി
        ജീവനായകൻ പോകെ
വേദന സഹിയാതെ
        വേച്ചുപോയ് ഭ്രമണ്ഡലം.

മരുഭൂമിയിൽ ചിന്തും
        ചുട്ടചോരതൻ ഘോര-
പ്പുഴതൻ പ്രവാഹത്താൽ
        പ്രപഞ്ചം വിറയ്ക്കുന്നു.

കണ്ടവർ കരഞ്ഞുപോ-
        യക്കാഴ്ചയെന്നാലൊന്നും
മിണ്ടുവാൻ കഴിയാതെ
        തമ്പുരാൻ സഹിക്കുന്നു!!

കാൽവരി മലയിലെ
കള്ളവർഗ്ഗത്തിൻ മദ്ധ്യേ
ആ നിധിയതാ തൂങ്ങി
നില്ക്കയായ് കുരിശ്ശിന്മേൽ.

തുടിക്കും ചുടുചോര
വമിക്കുന്നതാ ക്രൂശിൽ
ശയിക്കും തിരുമേനി
തന്നിൽനിന്നയ്യോ പാവം!

ഘോരഘോരമാം കൃത്യ-
മീവിധമനുഷ്ഠിപ്പാൻ
പാരിലിത്തേജോമയൻ
ചെയ്ത തെററെന്താണാവോ?

താവകം കഠോരമാം
കൃത്യമൊന്നിനാൽ ചക്ര-
വാളഗഹ്വരംതന്നി-
ലക്കനെമൊളിക്കുന്നു!!

# 3. ഒന്നു ചിന്തിപ്പിൻ

വേദനയുടെ വിമ്മിക്കരച്ചിലും
യാതനയുടെ കാൽചിലമ്പൊച്ചയും
ഹാ! നിരക്ഷ്ളം ചിന്തുന്ന ക്രൂശിൽ നി–
ന്നാരുതാനതു കേൾക്കുന്നു ഭൂതലേ

ഇന്നു മീശനെ ക്രൂശിൽ തറയ്ക്കുമാ–
ഭംഗിവാക്കും കപട വേഷങ്ങളും,
പഞ്ച പുച്ഛമടക്കലും വൻ വിഷ–
സ്സഞ്ചി പേറലുമെന്തിന്നു കൂട്ടരേ?

എന്തിനീ വെറും നാടകം; മർത്ത്യരെ
ഹന്ത നിങ്ങൾ തകർക്കാൻ തുടങ്ങയോ?
നിഷ്കളങ്ക സ്വരൂപനാം ക്രിസ്തുവെ
നിഷ്ഠുരുണം കുരിശിൽ തറക്കവേ

അത്യുദാരനുരച്ച വചസ്സുകൾ
നിത്യവുമുരുവിട്ടിട്ടും മർത്ത്യരേ?
ഹന്ത! നിങ്ങളനുമാത്രമെങ്കിലും
ചിന്ത ചെയ്യുതുണ്ടെന്നോ പൊരുളുകൾ!

ബന്ധമില്ലയോ നിങ്ങൾക്കുമീശനും?
എന്തു ഘോരമാണീവിധ നർത്തനം?
നിത്യ സത്യവും ധർമ്മവും നിങ്ങളെ
നിത്യ ശാപത്തിലാഴ്ത്താതിരിക്കട്ടെ!

DHARMARAM COLLEGE LIBRARY
BANGALORE
19736

## 4. ആ സുപ്രഭാതം

അന്നു ദേവാലയ നിർമ്മല മാധുരി—
സത്തുംസ്വദിച്ചു ഞാനങ്ങു പോയീടവെ
കണ്ണു കാണാത്ത കുരുടനു കാലണ
നല്കണേ പൊന്നെജമാനരെ ലോകരെ
എന്നൊരു നാദമാ പട്ടണവീഥി തൻ
പാർശ്വത്തിൽ നിന്നതാ പൊങ്ങുന്നു ദീനമായ്
പൊട്ടിത്തകർന്നു പോയെൻ ചിന്തയത്രയും
പെട്ടെന്നു ഞെട്ടിത്തിരിഞ്ഞു ഞാൻ നോക്കവേ
തൊട്ടടുത്തുള്ളോരപ്പള്ളിയിലാളുകൾ
മുട്ടുകുത്തീശ്വര നാമം ജപിപ്പൂ ഹാ!
സാധുവിൻ രോദനം കേട്ടിട്ടുമാമനു-
ഷ്യാധമർതെല്ലും ഗണിക്കാതെയീശനെ
പ്രീതിപ്പെടുത്താൻ തുടങ്ങുന്നു യേശുവിൻ
വന്ദ്യമാമാദർശ ശുദ്ധിഹനിക്കുവാൻ
എന്തിനീക്കാപട്യ വേഷം ധരിച്ചു കൊ-
ണ്ടെന്തിനാണീ ദേവ ഗേഹം ഗമിപ്പതും?
"പാത്രമറിഞ്ഞു നീ ഭിക്ഷകൊടുക്കെന്നു
പാർത്തലെയോതിയ ക്രിസ്തുവെയോർക്ക നീ
പേരും പെരുമയുമാർജ്ജിക്കുവാൻ നല്ല,
കേമനായ് നാട്യം നടിച്ചു നില്ക്കാതെ നീ!
നിൻ വലം കൈയാൽ കൊടുക്കുന്നതൊന്നുമാ-
നിന്നിടം കൈയ്യറിയാതെയിരിക്കണം.
എന്നു ഗലീലയനാകിയ ക്രിസ്തുവ-
ന്നങ്ങോളമിങ്ങോള മോതിയതോർക്കണെ.
ഏകാന്തനായിട്ടു ക്രൂശിൽ കിടന്നൊരാ-
നാകാധി നാഥനെയോർക്കുക നിത്യവും!!

## 5. ആരാമത്തിലെ ധ്യാനം

പകലിൻെറ വെള്ളിത്തിരമറഞ്ഞു
പകലവൻ നിദ്രയ്ക്കു പോയ് മറഞ്ഞു,

തുരുതുരെ താരകപ്പൂവിരിഞ്ഞു
തരുനിര താളംപിടിച്ചുനിന്നു.

തമ്പുരാൻ നിന്ന ഗിരിയ്ക്കു മീതേ
ഇൻപമായ് പാലല വീശിനിന്നു.

വിനയത്തോടക്കാട്ടിൽ നാല്പതുനാ-
ളുപവാസധ്യാനത്തിലായിരുന്നു.

വരുവാനിരിക്കും വിപത്തറിഞ്ഞി-
ട്ടറിയാതെ പൊട്ടിക്കരഞ്ഞു നാഥൻ

സ്വർഗ്ഗീയനാഥൻെറ പക്കലേക്കാ-
ദൃഷ്ടികൾ രണ്ടുമുയർത്തി വേഗം

മുട്ടിന്മേലാമഹാ മാമുനീന്ദ്രൻ
ഒട്ടേറെയപ്പാറത്തട്ടിൽനിന്നു;

അപ്പുറത്തായിരമല്ലലിൻെറ
അട്ടഹാസങ്ങൾ മുഴങ്ങിടുന്നു.

ഇപ്രപഞ്ചത്തിനുടയവൻെറ
കഷ്ടത കാണുവാനാരുമില്ല;

താപസപുംഗവൻതൻെറ ചാര-
ത്തേതൊരു ശിഷ്യരും കൂട്ടിനില്ല.

ഏകനായ് താനന്നാ കാനനത്തിൽ
ആകുലചിത്തനായ് വാണിരുന്നു
ഉഗ്രതപോധനൻ തൻെറ പൂമെയ്
വ്യഗ്രതയോടെയാ മേഘവൃന്ദം
നിശ്ശബ്ദതോഴരായ് വാനിൽനിന്നും
ദുഃഖിച്ചിട്ടത്തു തലോടി മെല്ലെ,
എങ്ങുപോയ് താവക ശിഷ്യവൃന്ദ-
മങ്ങയെ വിട്ട സ്വർല്ലോകനാഥാ?

ദിവ്യകപോതമാം ക്രിസ്തുദേവൻ
പർവ്വതപ്രാന്തത്തിലേകനായോ?

കട്ടിത്തുട്ടനിണ വേർപ്പുധാര
ഒട്ടൊട്ടു വീഴുന്നു പാരിടത്തിൽ.

ആമഞ്ജു പൂങ്കാവനത്തിലീശൻ
രോമാഞ്ച കഞ്ചുകമാർന്നുനിന്നു

# 6. ആ കോടതി

ഹന്ത നീ പീലാത്തോസിൻ
കോടതിക്കൂട്ടിൽവച്ച്
പങ്കിട്ട പകുത്തല്ലോ
പാവന സ്വരൂപനെ!

അന്നത്തെ നിമിഷത്തി-
ലുന്നതഗിരിപോലും
ഖിന്നത പ്രകടിപ്പി-
ച്ചെമ്പാടും പിളർന്നല്ലോ.

അല്ലയോ ദിനകരാ
നിൻകാന്തി ചൂഴാതെന്തേ?
വല്ലഭൻ ശിരോഭുവി
മുൾമുടിയണിയുന്നു.

അക്കരിങ്കൽത്തൂണിലാ-
പ്പൂമൃദുലാംഗം ബന്ധി-
ച്ചപ്പരിശന്മാരുഗ്ര
താഡനം നടത്തുന്നു.

അപ്പീലാത്തോസിൻ നിയ-
മോഗ്രതയാണീമട്ടി-
ലപ്പവിത്രാത്മാശയ-
ന്നേകിയീ ദുരന്തങ്ങൾ.

എന്തെന്തു ഭയങ്കര-
മെന്തിദം നാഥാ ഭവാൻ

സങ്കടക്കടലല-
മാലകളണിയുന്നു.

ആലയിൽ തീച്ചൂളയി-
ലാണികൾ പണിതൊരു-

ക്കോണിലായാശാരിമാർ
ക്രൂശുകൾ നിർമ്മിക്കുന്നു.

കേവലമൊരു വെറും
കള്ളനെപ്പോലെയേശു-

ദേവനങ്ങതാ നിൽപ്പൂ
യൂദക്കോടതിക്കുള്ളിൽ.

ഇഞ്ചിഞ്ചായ് മരിക്കുന്നു
ചെഞ്ചോര വമിക്കുന്നു

വിണ്ടലം വിറയ്ക്കുന്നു
ചന്ദ്രനുമണയുന്നു.

എന്തെന്തു ഭയദമാം
കോടതിയാണീ ലോകം

ഇന്നുമങ്ങയെ ക്രൂശി-
ലേറുവാനൊരുങ്ങുന്നു?

———

# 7. അത്താഴം

പന്തിഭോജന നേരത്തു രാത്രിയിൽ
അന്ത്യമായിട്ടുരച്ചു കന്യാത്മജൻ
ശങ്കകൂടാതെയെന്നെ വധിയ്ക്കുവാൻ
കിങ്കരന്മാരടുക്കും സമയമായ്.
* കോഴി കൂകുന്നതിൻ മുമ്പു ശത്രുവിൻ
കോഴവാങ്ങിയോനൊററി കൊടുത്തിട്ടും-
മിത്രഭാവേന നിങ്ങളിൽ നിന്നൊരു
ശിഷ്യനാണെന്നെയൊററി കൊടുപ്പതും
ഒച്ച വെക്കാതെ നാണയത്തുട്ടിനായ്
മുത്തമിട്ടെന്നെയൊററി കൊടുത്തിടും.
.... ... ...
ബന്ധുവെപ്പോലെ ശിഷ്യപ്പാദങ്ങളെ
തമ്പുരാൻ തന്നെ ക്ഷാളനം ചെയ്യുയായ്
ബാധനസ്ഥനായ് തീരുമാരാത്രിയെ
നൊന്തുനൊന്തങ്ങുനോക്കി സർവ്വേശ്വരൻ
മിത്രവർഗ്ഗമാം ശിഷ്യഗണങ്ങളൊ
ന്നത്രയുമമ്പരന്നു കൊണ്ടോതിനാർ.

---

* കോഴി കൂകുന്നതിനുമുമ്പ് എന്നതു്—രാത്രികാലം എന്നാണ്. കോഴിയും—കോഴയും എന്ന അക്ഷരപ്രാസം, അലങ്കാരമായി കൊടുത്തിരിക്കുകയാണ്.

ആരുഞ്ഞാനോയെന്നോരോരോ ശിഷ്യരും
ഖേദപൂർവ്വമുരയ്ക്കുന്നു ദീനരായ്

.... ... ... ...

വിണ്ണിലേക്കു ഞാൻ പോകിലും നിത്യവും
മണ്ണിൽ നിങ്ങളർപ്പിക്കും ബലികളിൽ
തന്നുകൊള്ളാമെൻ രക്തവും മാംസവും
ഭംഗമില്ല സഹോദര മാത്രമേ
എന്നുരച്ചു കഴിഞ്ഞ നിമിഷത്തിൽ
വന്നുട്ടത്തു ശത്രുക്കൾ ബന്ധിക്കയായ്

---

# 8. ഉണരുവിൻ

ഉണരുവിൻ നിങ്ങളുണരുവിൻ നിങ്ങൾ!
ഉണൎന്നെഴുന്നേല്പിൻ! ജന സമൂഹമെ!
കദന ഭാരത്താലിനിയുമക്കഥ
മറന്നുറങ്ങാതെ ഉണരുവിൻ നിങ്ങൾ.
ഗിരിക്കുമേലക്കൻ കുതിച്ചുയരുമ്പോൾ
ഉണൎന്നെഴുന്നേല്പിൻ കളമൊരുക്കുവിൻ
"സഹിക്കണം, നമ്മൾ ക്ഷമിക്കണം തമ്മിൽ
ചുമക്കണം "ക്രൂശിൻ" കനത്ത ഭാരങ്ങൾ"
അതിവിശാലമാമൊരുഗിരിയുടെ
കൊടുമുടിയിൽ വെച്ചുരച്ച ഭാഷണം
ഇനിയുമെങ്കിലുമകതാരിലോൎത്തു
മനുജരെ നിങ്ങൾ പരിശ്രമിക്കുവിൻ.
മലയടിയിലും, കടലരുകിലും,
പടവിലും വച്ചു പറഞ്ഞു തമ്പുരാൻ.

... ... ...

പരസ്പരം നിങ്ങൾ ക്ഷമിക്കണം സ്നേഹം
പുലൎത്തണം സ്വൎഗ്ഗം കരസ്ഥമാക്കുവാൻ
എളിയവരിലുമെളിയവൎക്കെന്തും
കൊടുത്തെങ്കിലതാണെനിക്കു തന്നതും.
ഇതാ! യെൻ പിന്നാലെ ഗമിക്കുവാനായി
നിനയ്ക്കുന്നോൻ ക്രൂശു ചുമക്കണം നിത്യം.
ക്ഷമയോടെ ക്രൂശും ചുമന്നു പോരുവോ-
നവനാണു സ്വൎഗ്ഗം കരസ്ഥമാക്കുവോൻ

സമസൃഷ്ടികളെ ബഹുമതിക്കുവോ-
രവരാണെന്നെയും ബഹുമതിക്കുവോർ.
വഴിയും, സത്യവും, ഗതിയും, ജീവനും
ഇതായി ഞാനത്രെ, ധരിക്കുവിൻ നിങ്ങൾ.
ഇതാണു സത്യമാണിതിന്നു തർക്കമി-
ല്ലിവിടെ മറെറാരു വഴിയുമില്ലഹൊ!
പടവാളേന്തുവോനവനവൻ വാളാൽ
പരമാത്മമാണങ്ങവൻ നശിച്ചുപോം.
അതിനാൽ വാളുകൾ എടുത്തിടാതെ ചെ-
ന്നെവിടെയും നിങ്ങൾ സഹനം കാട്ടുവിൻ.

... ... ...

പലസ്തീനാ മണലടവിയും ഘോര
ഗുഹയും, കാട്ടുമാ, കടലും, കായലും.
കയറിയന്നീശൻ നടന്നു നമ്മൾക്കായ്
കനിവിൻ കാതലാം ഗുരുവരൻ ക്രിസ്തു.
കനത്തവേനലും, പെരുത്തമാരിയും,
വിശപ്പും, ദാഹവും, സഹിച്ചു പാവനൻ.
ഇതുവിധം പല പരമസൗഭാഗ്യ-
പ്രഭാഷണം നല്കി വഴിതെളിച്ചീശൻ
ഇവകളൊക്കയും മറന്നുറങ്ങാതെ
ഉണരണം നമ്മൾ അണിനിരക്കണം.
ഉണരുവിൻ വേഗം ഉണരുവിൻ നിങ്ങൾ
ഉണർന്നെഴുന്നേല്പിൻ പ്രിയ സഹജരെ!!

# 9. കവിയും കന്യകകളും

[പ്രശാന്ത സുന്ദരമായ ഒരു തടാകതീരം. പാതി വിടന്ന ആമ്പൽപൂക്കൾ ചന്ദ്രികാച്ഛിതമായ നീലരാവിൽ മന്ദമാരുതനിൽ ചാഞ്ചാടുന്നു. വെള്ളിപ്പൂക്കൾ തുന്നിയ നീലാകാശത്തിൽ മാലാഖകളെന്നോണം വെള്ളിമേഘങ്ങൾ എങ്ങോട്ടെന്നില്ലാതെ പാഞ്ഞു പോകുന്നു. പാതിരാവിൻെറ നിശ്ശബ്ദതയിൽ പാതിരാപ്പൂക്കൾ അക്ഷമരായി നിലകൊള്ളുകയാണ്. അതിനടുത്ത് ഒരു കലാകാരൻ അർദ്ധസുഷുപ്തിയിൽ അമന്നിരിക്കുന്നു:—അതെ, അയാൾ സ്വപ്നം കാണുകയാണ്:—

കരഞ്ഞു കലങ്ങിയ മുഖഭാവത്തോടെ മൂന്നു സുന്ദരികൾ ജറുസലേം കന്യകമാർ ആലസ്യത്തോടെ അയാളുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു.]

കവി:

ധന്യമാരാം ജറൂസലത്തിലെ
കന്യകൾ നിങ്ങളെന്തിനായ്
നൊന്തു നൊന്തു കരഞ്ഞിടുന്നതി-
നെന്തു ബന്ധമെന്നോതുമോ?

ഒന്നാം കന്യക:

കാവ്യകാരാ, ഭവാനു ഞങ്ങൾതൻ
നോവുകാണാൻ കഴിഞ്ഞതിൽ
അത്ഭുതംകൊൾകയാണീ നൂററാണ്ടി-
ലുത്ഭവിച്ചവനോ ഭവാൻ!

കവി:

പാലലകളും പാതിരാപ്പൂവും
നീലരാവിനെപ്പുൽകവേ
നീലവിണ്ണിന്നു കോമളമായ
നീരാളം ചാർത്തി മിന്നവേ

രണ്ടാം കന്യക:

സ്വപ്നസഞ്ചയമോമനിട്ടകണ്ടെ
സുന്ദര സുമ വല്ലിക
എന്തിനീ വെറും തപ്തനിശ്വാസ-
മേന്തിടുന്നതെന്നോതുമോ?

മൂന്നാം കന്യക:

സ്വപ്നലോകത്തിലാമലർത്തോപ്പിൽ
സ്വപ്നവും കണ്ടിരുപ്പവർ
നീറിനിൽക്കുമൊരന്തരംഗത്തി-
ലൂറിട്ടും നോവറിയുമോ?

ഒന്നാം കന്യക:

സാദ്ധ്യമല്ലയിവൾക്കു നോവിനു
ശാന്തിയേകുവാനെങ്കിലും
ചൊല്ലിടുന്നു കരളുരുക്കുമീ-
പ്പല്ലവികളൊന്നെങ്കിലും

രണ്ടാം കന്യക:

ഓർമ്മയുണ്ടോ പാലസ്തീനിലൊരു
കർമ്മയോഗി പിറന്നതായ്
ദിവ്യമാം പരിവേഷഭൂഷിത-
ഭവ്യമാമൊരു താരകം!

മൂന്നാം കന്യക:

ശാന്തിതൻ മൃദുഗാനനിർഝരി–
യേന്തിയോരു വിപഞ്ചിക!
തൃക്കരസ്പർശമൊന്നാലന്ധനു
നല്ലാഴ്ച നൽകി മൽഗുരു

ഒന്നാം കന്യക:

അപ്രമേയനമാനുഷൻ സ്നേഹ-
സത്വസാരവിശാരദൻ
പുഞ്ചിരികളാൽ സ്നേഹസന്ദേശ-
സഞ്ചയം തൊട്ടക്കുന്നവൻ

രണ്ടാം കന്യക:

അത്ഭുതോത്ഭവ സംഭവനാത്മ-
ശുദ്ധി സിദ്ധമായ് തീർന്നവൻ
ഹൃത്തുവയ്ക്കുകിൽ പച്ചവെള്ളവും
മുന്തിരിച്ചാറായ് മാറിട്ടും.

മൂന്നാം കന്യക:

അത്ര സിദ്ധനാണാമഹാൻ ദൈവ-
പുത്രനാണുതാനോക്കുകിൽ
മന്നിലെത്രമേൽ നോവുതിന്നതാ-
ണന്നുമത്ത്യക്കായമ്മഹാൻ!

ഒന്നാം കന്യക:

ആ ഗുരുവര വാഗ്വിലാസങ്ങ-
ളാവതും പരിപാലിപ്പാൻ
ഒത്തുചേർന്നു പ്രതിജ്ഞചെയ്തവ-
രത്രെ! നിങ്ങളെല്ലാവരും.

രണ്ടാം കന്യക:

അന്നു നിങ്ങളെക്കണ്ടു ഞങ്ങള-
പ്പുണ്യപാദൻെറ ചുററിലും
അന്നു നിങ്ങളിൽ ശാശ്വതാനന്ദ-
കന്ദളം കണ്ടു തൃപ്തരായ്.

മൂന്നാം കന്യക:

നീ മറന്നതിനൊക്കയുമൊരു
മായിക സ്വപ്നമെന്നപോൽ
സ്വാർത്ഥതയും കലഹവും മാത്രം
സ്വാർത്ഥമായ് കരുതുന്നു നീ.

മൂന്നാം കന്യക:

മത്തടിച്ചു മദാലസതയിൽ
മർത്ത്യരെ, നിങ്ങളൊക്കയും
ഈശനപ്പദമുച്ചരിപ്പതും
മോശമായ് കരുതുന്നുവോ?

ഒന്നാം കന്യക:

അത്രമേൽ പാപഗർത്തമാണ്ടൊരീ-
മർത്ത്യദർശനവേളയിൽ
വേദനിപ്പൂഹൃദന്തമെങ്ങളിൽ
രോദനമുയിർക്കൊൾകയായ്.

രണ്ടാം കന്യക:

പാപികൾക്കായൊരിക്കലാക്രൂശിൽ
പാപഹീനൻ കയറവേ
നിങ്ങളിൽ തത്വബോധമുത്ഭവി-
ച്ചെന്നു വിശ്വസിച്ചോരിവർ.

മൂന്നാം കന്യക:

ഇന്നു കാണ്മതധഃപതനത്തിൽ
വന്നു നിൽക്കുന്ന നിങ്ങളെ
കാവ്യകാര ഭവാൻെറ ലോലമാം
കാവ്യസംഗീതധാരയാൽ.

ഒന്നാം കന്യക:

ഈ അപഥസഞ്ചാരികൾക്കൊരു
നേർവഴി കാട്ടുമെങ്കിലോ
ഏശുദേവനനുഗ്രഹിച്ചീടും
ദോഷമെന്യേ ഭവാനെയും.

[കലാകാരൻ ഞെട്ടിയുണരുന്നു. എല്ലാം ശൂന്യമയം. അടുത്തു് ആരേയും കാണുന്നില്ല. തൈത്തെന്നൽ മാത്രം ശൂന്യതയിൽ അയാളെ പരിരംഭണം ചെയ്യു.]

---

# 10. ഒന്നു നോക്കൂ!

അവിടേയ്ക്കു നിങ്ങളൊന്നെത്തിനോക്കൂ
അവിടെയക്കാഴ്ചയെന്തെന്നു നോക്കൂ
അതുകണ്ടു നിങ്ങൾതൻ ഹൃത്തിലോരോ
കതനാവെടി മുഴങ്ങുന്നതില്ലേ?
അതുകൊണ്ടു നിങ്ങൾതൻ നൊമ്പരങ്ങൾ
ചുടുകണ്ണുനീരായൊഴുകുന്നില്ലേ?
അവികല ശാന്തി നിറകുടമായ്
അവശർതൻ കണ്ണുനീരൊപ്പുവാനായ്
അവനിയിലെത്തിയ തേജപുഞ്ജം
ഭുവനൈക നന്മതൻ മഞ്ജുരൂപം
ശത്രുവെപ്പോലും ജയിക്കുവാനാ-
മിത്രഭാവത്തിനേ സാദ്ധ്യമാകൂ.
മന്നിലിസ്സ്നേഹത്തെ വെല്ലുവാനായ്
ഒന്നുമില്ലെന്നോതി ദിവ്യനാഥൻ!
സാത്വിക തേജസ്സൊഴുക്കിയോരാ-
നിസ്വാർത്ഥസേവകനപ്രമേയൻ.
ശ്രീയേശുവാണാമരക്കുരിശിൽ
ശ്രീതാവുമത്തനു,വൊന്നുനോക്കൂ.
ആ മൃദുലാംഗുലീ ലാളനത്താൽ

ഏകിയന്നന്ധനു കാഴ്ചപോല്ലും.
ചിന്തിച്ചു നോക്കുകിലത്ഭുതങ്ങ-
ളെന്തെന്തു ചെയ്തതാണാമഹേശൻ
അത്രയ്ക്കു ദിവ്യനമലഗാത്ര-
നത്രേ കുരിശിൽ നാം കണ്ട രൂപം.
ചോരവാർന്നുള്ള മിഴിയിണകൾ
പാരം തളർന്നൊരപ്പവലാംഗം
കണ്ടാൽ കരൾക്കെട്ടു പൊട്ടമേതും
മിണ്ടാൻ കഴിയാത്ത ജന്തുവിന്നും
കനിവററ മർത്ത്യനാം നിന്നെയോർത്തോ-
ർത്തനുതാപമുണ്ടേശുനാഥനിന്നും
പാല്പൂട്ടിയോരക്കരത്തിലല്ലോ
ഘോര വിഷപ്പാമ്പു നീ കടിച്ചു
ജന്തുവർഗ്ഗത്തിനാണെന്തുകൊണ്ടും
നന്ദിയും സ്നേഹവും നിന്നിലേറെ!!

# 11. കാൽവരിക്കുന്ന്

കുന്നുകുന്നായി നില്ക്കുന്ന കാൽവരി
കുന്നിനില്ലൊരു കോട്ടമൊരിക്കലും
കണ്ണുപൊത്തിക്കരഞ്ഞുപോം കാൽവരി—
ക്കുന്നിലേയ്ക്കു നാമൊന്നെത്തിനോക്കുകിൽ
ലോക പാവനൻ യോഗിമഹാശയൻ
സ്നേഹദായകൻ ത്യാഗസംമോഹനൻ
ഘോരഘോരമാം ക്രൂശിൻ പലകമേൽ
സ്നേഹകാവ്യം കുറിക്കുന്ന ദീനനായ്
വിമ്മിവിമ്മിക്കരഞ്ഞതാ കാൽവരീ—
ക്കുന്നുപോലും പൊഴിക്കുന്നു കണ്ണുനീർ
കണ്ടുകാണില്ല നിങ്ങൾ പലപ്പൊഴും
കാൽവരിക്കുന്നിൻ കണ്ണുനീർത്തുള്ളികൾ
നിത്യനിർമ്മലനാം ഗുരുനാഥന്റെ
രക്തമൂറ്റിക്കുടിച്ചതാണെങ്കിലും
കാന്തിചിന്തുന്നു ഗാഗുൽത്താമാമലാ
ശാന്തിതത്തിക്കളിപ്പതാണാമല
കേണുകേണു കുരിശിൽ കിടക്കുമാ—
ക്കോമളാകാര രൂപത്തെ കാണുവാൻ
ചെന്നു കാൽവരിക്കുന്നിൻ മുകളിൽ നീ

മന്ദതയെന്ന്യേയൊന്നെരതിനോക്കുക
ഈശപുത്രൻ ശയിച്ചോരപൂമെത്ത
കുറ്റനാം മരക്രൂശൊന്നു മാത്രമേ
ചെഞ്ചുടലക്കളമായ കാൽവരി—
നെഞ്ചുചോരക്കരുതിയാട്ടന്നഹാ
പള്ളിമുററത്തു മിന്നിത്തിളങ്ങിട്ടും
പൊൻ കുരിശുകളായിരം കാൺകയാൽ
ഇന്നൊരു മരക്രൂശു ചുമക്കുവാൻ
നിന്ദയേറും നിനക്കെന്തവജ്ഞയോ?

---

## 12. എന്നും എന്നെപ്രതി

അന്നുതൊട്ടെന്നെപ്രതി-
യിന്നുമാ മഹാ നിധി
നിന്ദനം സഹിക്കുന്നെൻ-
കന്യകാ കുമാരകൻ

ഭക്തരിൽ പ്രിയങ്കരൻ,
പാപികൾക്കവൻ തോഴൻ
ശക്തനാം ഭിഷഗ്വരൻ
സർവ്വ രോഗിക്കും താതൻ

മൃത്യുവിന്നതീതനായ്
നിത്യനിർവൃതി നേടി
മർത്ത്യനാമെനിക്കായ് താ-
നുഗ്രത സഹിക്കുന്നു.

അല്പവുമഴിവില്ലാ-
തായിരമനവദ്യ
കെല്പെനിക്കേകി നിത്യ-
രക്ഷ നൽകീടും പ്രഭോ!

ഏകനായിരിക്കും നിൻ
ചാരെ ഞാനനുദിനം
പാടുവാനണയുന്നു
പാതിരാക്കുയിൽപോലെ.

ആത്മദാഹത്താൽ കേഴ-
മാതുരക്ഭയമേ

മോക്ഷദായകാ സത്യ
വേഷഭൂഷിതാ, താതാ

നിത്യനിർമ്മലനാഥാ
ഭക്തവത്സലാ ദേവാ

പാഹിമാം പരാപരാ
ദീനബന്ധുവാം താത.

ദുഃഖസാഗരത്തിങ്കൽ
പിടയുമിവൻ മന

ദുഃഖിതനല്ലാ നാഥാ
തൃപ്തനാണല്ലോ സദാ

കാലന്തുല്യകളായ
ചങ്ങലക്കെട്ടും പൊട്ടി-

ച്ചോട്ടകയാണാദിവ്യ-
പ്പൂവനം പൂകാനായി

അളിയും ശലഭവും
അരുമക്കിളികളും

പുളകമണിഞ്ഞുനിൻ
കഥകൾ പുതുക്കുന്നു.

താരകൾ പൂത്തും തങ്ക-
ച്ചാറിനാൽ നിൻകാവ്യങ്ങൾ

കാണുകയാണീ സാധു
പാട്ടകയാണാഗാനം!!

## 13. അന്ധത

ആ മഴക്കാറുകളാൽ
വാനിടം മൂടിപ്പോയി
ഹാ! വൃക്ഷലതാദികൾ
ചലനരഹിതമായ്
ആരാമക്കിളികുലം
പാട്ടുകൾ പാടുന്നീലാ
പൂക്കൾതൻ പുതുമണം
പൂന്തെന്നൽ പരത്തീലാ
മാനവരാദ്ധ്യാത്മികം
തന്നിൽ നിർജ്ജീവരായാൽ
മേദിനിപോലും പൊട്ടി-
ക്കരയാതിരിക്കുമോ?
ചുടലക്കാടുതോറും
പറക്കും കഴുകൻപോൽ
കടക്കും ശൂന്യഹൃത്തിൽ
വസിക്കാൻ പിശാചുക്കൾ
... ... ... ... ...
ആത്മബോധത്തെ കൊട്ടും
കൂരിരുൾക്കുഴിക്കുള്ളിൽ
ആത്തമോദേന കെട്ടി
താഴ്ത്തിടും മനുജരേ
നാണയത്തുട്ടും പേറി
നടക്കും യൂദാസിൻെറ

നേട്ടമെന്തറിയുമോ
സുഖിക്കും പതിതരേ?
കൈത്തിരി തെളിക്കുവിൻ
മത്തടിച്ചിരിക്കാതെ
മർത്ത്യരേ പ്രപഞ്ചത്തിൻ
സൃഷ്ടിപാലനെ നോക്കൂ?
സത്യവുമഹിംസയും
രക്തബിന്ദുവിൽ മുക്കി
നിത്യയോഗിയാം നാഥൻ
കുറിച്ച കഥയോർക്കൂ
പുത്രവാത്സല്യത്തിന്റെ
ഉച്ചകോടിയിൽനിന്നു
പുത്രരെ നോക്കിപ്പൊട്ടി-
ക്കരഞ്ഞാൻ മഹായോഗി!!

---

## 14. ക്ഷമാപണം

DHARMARAM COLLEGE LIBRARY, BANGALORE. 19236

കലുഷമാമെൻെറ കർമ്മമാർഗ്ഗങ്ങളിൽ
കരളുനൊന്തവരുണ്ടായിരിക്കണം
സദയമാകെ ക്ഷമിക്കുവാനായിതാ
ഹൃദയപൂർവ്വമിരക്കുന്നു മാപ്പുഞാൻ
ഇടിയുമുഗ്രമാം തെന്നലും മിന്നലും
ഇടകലന്നലറീടുമീയൂഴിയിൽ
പതറി പാദം പലപ്പൊഴുമെങ്കിലും
അടിപിഴക്കാതെ കാത്തുസർവ്വേശ്വരൻ
അതിനു തൃക്കഴൽത്താരിൽ കൃതജ്ഞത
പുതുമലരുകളർപ്പിച്ചിടുന്നു ഞാൻ
സുഷമസുന്ദരഭാസുരകാന്തിയിൽ
സുഖസുഷുപ്തിയിലാറാടിടട്ടെ ഞാൻ
മണിമുഴങ്ങുന്നു ജീവിതനാഥൻെറ
മധുര നിസ്വനം കേൾക്കുന്നുദൂരെ ഞാൻ
അതുലമോദമോടങ്ങണഞ്ഞീടുവാൻ
കൊതിയെനിക്കുണ്ടു ചിത്തത്തിലെപ്പൊഴും
മമജനങ്ങൾക്കുമെൻ പ്രിയനാടിനും
മമതയോടെ പരിചര്യചെയ്യുവാൻ
* കുരിശിൽനിന്നുമാ നിത്യപുരോഹിതൻ
അരുളീടും മൊഴികേട്ടിറങ്ങീടിനേൻ

---

* ഈ, ഈരടികൾ—മററാരുടേയും പ്രേരണയില്ലാതെ സ്വമനസ്സാൽ, നിറഞ്ഞ സംതൃപ്തിയോടെ ഞാൻ മതപരിവത്തനം നടത്തിയതാണ് എന്ന സൂചന.

പ്രിയസഹജരെ! സോദരവൃന്ദമെ!
അരുമയാത്മാർത്ഥപ്രേഷിത വൃന്ദമെ!
പലതരത്തിലെൻ ജീവിതയാത്രയിൽ
തണൽ വിരിച്ചസൗഹാർദ്ദ ദാരുക്കളെ
പിഴകളൊട്ടേറെ ദുർബ്ബലനാമെന്നിൽ
പിണയുവാനിട വന്നിരിയ്ക്കാം ദൃഢം
അവകളേവമെന്നോട്ടക്ഷമിക്കുവാൻ
ഹൃദയപൂർവ്വമിരക്കുന്നു മാപ്പുഞാൻ
ഒട്ടവിലാ ദിവ്യകാഹളം കേൾക്കവെ
കറയെഴാതെന്തൊരാത്മാവുമായെത്തുവാൻ
അമിതവാഞ്ചയുണ്ടായതിനാൽ നിങ്ങൾ
അകമഴിഞ്ഞു പ്രാർത്ഥിക്കണെ സർവ്വരും.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| | | |

## കഥാപ്രസ

DC Library
*00019736*
T61 M26

ഇതാ ഈ പുത്തൻ പുലരിയിൽ രൂപംകൊണ്ട എന്റെ പുതിയ കഥകൾ, വേദനനിറഞ്ഞ, ചരിത്രസത്യങ്ങൾ.

കർഷകന്റെ കണ്ണുനീർ

കാൽവരിയിലെ കൈത്തിരി

രക്തസാക്ഷിയായ ധീരസേനാനി—അഥവാ

ദേവസഹായം പിള്ള

വി. ജോണോഫ് ക്രൂസ്സ്

കോടതിക്കൂട്ട്

നിറതോക്ക്

മലയുടെ മക്കൾ

തുടങ്ങിയ വികാരോജ്ജ്വലമായ ചരിത്രങ്ങൾ.

കഥകൾക്കായാലും, മറവള്ള പ്രസംഗങ്ങൾക്കായാലും, പുസ്തകങ്ങൾക്കായാലും താഴെ കാണുന്ന വിലാസത്തിൽ കാലേക്കൂട്ടി എഴുതുക:

പോൾ മാധവൻ നായർ
റോം ഹൗസ്സ്
എലഞ്ഞിപ്ര
പരിയാരം. P. O. (VIA) ചാലക്കുടി
കേരളാ സ്റ്റേറ്റ്.

# കാൽവരിദീപം



T61
M26

പോൾ മാധവൻ നായർ

Indic Digital Archive Foundation
gpura.org